(സി) ഈ സാമ്പത്തിക വർഷം റിബേറ്റിനത്തിൽ 4.4 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു. കുടിശ്ശിക നൽകുന്നതിനായി 7 കോടി രൂപ ഉപധനാഭ്യർത്ഥന മുഖാന്തരം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ

207 (4198) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളിൽ ഓരോന്നിനുമുള്ള മുതൽമുടക്ക് എത്രയാണെന്ന വിവരം പട്ടിക തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി.യുടെ സഹായ സഹകരണത്തോടെ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം 1 ആയും കിൻഫ്ര മുഖാന്തിരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു.* കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ മുഖാന്തിരം ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

208 (4199) ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് പ്രത്യേക സാമ്പത്തിക മേഖല പ്രഖ്യാപിക്കുന്നതിലൂടെ ലക്ഷ്യമിട്ട തരത്തിൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും കയറ്റുമതിക്ക് ഉണർവേകുന്നതിനും സാദ്ധ്യമാകുന്നില്ല എന്ന സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ച മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ലക്ഷ്യം നേടിയിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രത്യേക സാമ്പത്തിക മേഖല നികുതി വെട്ടിപ്പ് നടത്തുന്നതിന് ഉപയോഗപ്പെടുത്തുന്നതായും അനുവദിക്കപ്പെടുന്ന ഭൂമി റിയൽ എസ്റ്റേറ്റ് ലക്ഷ്യം വെക്കുന്നതായും ഉള്ള ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് സെസ് അനുവദിച്ച മേഖലകളിലെ പ്രവർത്തനം ലക്ഷ്യമനുസരിച്ച് പ്രാവർത്തികമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005-ലെ സെസ് ആക്ടും 2006-ലെ സെസ് റൂൾസും അനുസരിച്ചാണ് പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകുന്നത്. സെസ് ആക്ടിന്റെയും റൂൾസിന്റെയും അടിസ്ഥാനത്തിൽ രൂപീകരിച്ച Approved Committee പ്രത്യേക സാമ്പത്തിക മേഖലയിലെ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വർഷംതോറും നിരീക്ഷിക്കാറുണ്ട്.

(സി) സെസ് റൂൾസും ആക്ടും പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനാണ് പ്രത്യേക സാമ്പത്തിക മേഖലയ്ക്ക് അനുമതി നൽകുന്നത്, സെസ് ആക്ടിലെയും റൂൾസിലെയും വ്യവസ്ഥകളുടെ ലംഘനവും സെസ് മേഖലയ്ക്ക് അംഗീകാരം നൽകിയ വ്യവസ്ഥകളുടെ ലംഘനവും പരിശോധിക്കുന്നത് കേന്ദ്രസർക്കാരാണ്.

(ഡി) അധിക സാമ്പത്തിക വളർച്ച നേടിയെടുക്കുക, സാധനങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുക, ആഭ്യന്തര-വിദേശ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ രൂപീകരിക്കുന്ന സ്ഥാപനങ്ങൾക്ക് നികുതിരഹിതമായ ഒരു ഇൻഡസ്ട്രിയൽ എൻക്ലേവ് പ്രദാനം ചെയ്യുക എന്നതാണ് പ്രത്യേക സാമ്പത്തിക മേഖല കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ 2003-ൽ ആദ്യമായി സെസ് നയം പ്രഖ്യാപിക്കുകയുണ്ടായി. തുടർന്ന് 2008-ൽ പുതുക്കിയ സെസ് നയം പ്രഖ്യാപിച്ചു. പ്രസ്തുത നയത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഇളവുകൾ തുടർന്നും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly